# പി.ഭാസ്കരന്റെ കലാജീവിതത്തിന്റെ മുഖമുദ്ര ലാളിത്യവും സ്നേഹവും : ഡോ. ജോർജ് ഓണക്കൂർ

തിരുവനന്തപുരം:ലാളിത്യവും സ്നേഹവും ആയിരുന്നു പി.ഭാസ്കരന്റെ കലാജീവിതത്തിന്റെ മുഖമുദ്ര എന്ന് പ്രമുഖ എഴുത്തുകാരൻ ഡോ. ജോർജ് ഓണക്കൂർ. ബഹുമുഖ പ്രതിഭയായിരുന്ന പി. ഭാസ്കരൻ ജീവിച്ചിരുന്ന കാലത്ത് വേണ്ടത്ര അംഗീകാരം ലഭിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര സാഹിത്യ അക്കാദമി തിരുവനന്തപുരം ഗവ.വനിതാ കോളേജിൽ നടത്തിയ പി. ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാറിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം. സത്യൻ അധ്യക്ഷനായി. കേന്ദ്ര സാഹിത്യ അക്കാദമി മലയാളം ഉപദേശക സമിതി അംഗങ്ങളായ ഡോ. സാബു കോട്ടുക്കൽ ഡോ.ടി.കെ. സന്തോഷ്കുമാർ, മലയാള




വിഭാഗം മേധാവി ഡോ. വി. ലേഖ, ഡോ. ആർ. പി. അമ്പിളി എന്നിവർ സംസാരിച്ചു. മണ്ണു വെള്ളായണി, ഇ. ജയകൃഷ്ണൻ, കാരയ്ക്കാമണ്ഡപം വിജയകുമാർ, ടി.പി. ശാസ്തമംഗലം, ഡോ. ബി. രാമചന്ദ്രൻ പിള്ള, സുഭാഷിണി തങ്കച്ചി, അശോകൻ പുതുപ്പാടി എന്നിവർ പി. ഭാസ്കരന്റെ ചലച്ചിത്ര-ഗാനലോകത്തെപ്പറ്റി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

പി. ഭാസ്കരൻ ജന്മശതാബ്ദി ദേശീയ സെമിനാറിന്റെ സമാപന സമ്മേളനം ഡോ. ജോർജ് ഓണക്കൂർ ഉദ്ഘാടനം ചെയ്യുന്നു